# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 300 29.06.2016 ലെ മറുപടിയ്ക്ക്

## നെന്മാറയിൽ പുതിയ ട്രഷറി

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. ബാബു

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നെന്മാറ മണ്ഡലത്തിലെ നെന്മാറയിൽ പുതിയ ട്രഷറി ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | | നടത്തിയിട്ടുണ്ട്. |
| (ബി) | നെല്ലിയാമ്പതി, നെന്മാറ, അയിലൂർ പഞ്ചായത്തുകളിലെ പെൻഷൻകാരും, ജീവനക്കാരും 40 കിലോമീറ്റർ അകലെയുള്ള കൊല്ലങ്കോട് ട്രഷറിയെയാണ് ആശ്രയിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ സന്നദ്ധതയുള്ള നെന്മാറ പഞ്ചായത്തിൽ പുതിയ ട്രഷറി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | | ട്രഷറി വകുപ്പിൽ ആധുനിക വത്ക്കരണത്തിന്റെയും കമ്പ്യൂട്ടർവത്ക്കരണത്തിന്റെയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്ടിവിറ്റി, GRASS മുതലായ പല പുതിയ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുന്നതിനും ഇടപാടുകൾ സുഗമമാകുന്നതിനും, എവിടെ നിന്നും എപ്പോൾ വേണമെങ്കിലും ഇടപാടുകൾ നടത്തുന്നതിനും സാധ്യമാകുന്നതാണ്. അതിനാൽ ഇത്തരം പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രം പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ